**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് ശ്രീ. പി.കെ. കേശവൻ ഐ.എഫ് എസ്.

വിഷയം: കേരള വനം വകുപ്പ് - ഇ-ഓഫീസ് ഉപയോഗിച്ചുള്ള ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവ് സംബന്ധിച്ച്.

സൂചന : ഉത്തരവ് നമ്പർ പി.സി.പി 29762 /2017 തിയ്യതി 07 .03 .2018

**<u>നടപടി ഉത്തരവ്</u>**

സൂചന പ്രകാരമുള്ള നടപടി ഉത്തരവ് പ്രകാരം, ഓഫീസിൽ ലഭിക്കുന്ന എല്ലാ തപാലുകളും ഓഫിസ് മേലധികാരി കണ്ട് അടയാളപ്പെടുത്തിയ ശേഷം സ്കാൻ ചെയ്ത് ഇ-ഓഫിസിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഇ-മെയിൽ മുഖേന വരുന്ന തപാലുകൾ ഡൗൺലോഡ് ചെയ്ത് ഇ-ഓഫീസ് പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുകയാണ് ഏറ്റവും ഉചിതമായ രീതി എന്ന് കാണുന്നു. കൂടാതെ ഓഫീസിൽ ലഭിക്കുന്ന മറ്റു തപാലുകൾ സ്കാൻ ചെയ്ത് ഇ-ഓഫീസിൽ അപ്പ് ലോഡ് ചെയ്ത് ഓഫിസ് അധികാരി /അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കണ്ടതിനു ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇലക്ട്രോണിക് ആയി നൽകേണ്ടതാണ്.

നിലവിൽ പല ഓഫീസുകളിലും ഇ-മെയിൽ മുഖേന വരുന്ന തപാലുകൾ ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുത്ത ശേഷം സ്കാൻ ചെയ്ത് ഇ-ഓഫീസ് പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുകയാണ് എന്ന് ശ്രദ്ധയിൽ പെട്ടിരിക്കുന്നു. മേൽ പ്രവർത്തികൾ സമയനഷ്ടവും പേപ്പർ നഷ്ടവും വരുത്തുമെന്നതിനാൽ ഓഫീസിൽ ലഭിക്കുന്ന തപാലുകളെല്ലാം തന്നെ ഇ-ഓഫീസിൽ അപ് ലോഡ് ചെയ്തതിനു ശേഷം കൈകാര്യം ചെയ്യേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്